കായംകുളം താലൂക്കാശുപത്രിയിലെ ജീവനക്കാരുടെ ഒഴിവുകൾ

28 (611) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താലൂക്കാശുപത്രി ജനറൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) അവിടെ സർജന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ സർജന്റെ ഒഴിവ് എപ്പോഴത്തേക്ക് നികത്തുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(സി) അവിടെയുള്ള പാരാ മെഡിക്കൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആവശ്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) പി.എസ്.സി. വഴി നേരിട്ട് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ സേവനത്തിന്റെ അപര്യാപ്തത

29 (612) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുകയും ഇവിടെ സ്പെഷ്യാലിറ്റി കേഡർ അനുവദിക്കുകയും രണ്ട് ഗൈനക്കോളജിസ്റ്റുമാരുടെ സേവനം ആശുപത്രിക്ക് ലഭ്യമാക്കുകയും ചെയ്ത ശേഷവും പ്രസവ സംബന്ധമായ ചികിത്സകളും ഓപ്പറേഷനും നേരത്തെ ഉണ്ടായിരുന്നപോലെ കാര്യക്ഷമമായി നടക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

താലൂക്ക് ആശുപത്രിയായി ഉയർത്തിയ തൃക്കരിപ്പൂർ ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റുകളെ പോസ്റ്റ് ചെയ്യുകയും ലാപ്രോസ്ക്കോപിക്ക് ക്യാമ്പ്, ആന്റിനേറ്റൽ ചെക്കപ്പ് മുതലായവ നടന്നുവരികയും ചെയ്യുന്നുണ്ട്. ഗൈനക്കോളജി വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly